പിന്നാക്ക വിഭാഗ വികസന വകപ്പ്
കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020. ഫോൺ/ഫാക്സ്:0495-2377786.

2069

KL9154685035/1/2

765

DDKKD/A1/2450/2018 തിയതി: 23.01.2020

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ(വിദ്യാഭ്യാസം)
തൃശ്ശൂർ

വിഷയം- പിന്നാക്ക വിഭാഗ വികസനം- ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്- (2015-16 മുതൽ 2018-19 വരെ ) തുക ലഭ്യമാകാത്തത് സംബന്ധിച്ച വിവര ശേഖരണം

സൂചന- 1. ഈ ആഫീസിൽ നിന്നും 24.09.2019-ൽ അയച്ച് ഇതേ നമ്പർ കത്ത്
2. ഈ ആഫീസിൽ നിന്നും 0409.2019-ൽ നൽകിയ ഇതേ നമ്പർ പത്രക്കുറിപ്പ്
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 19.08.2019-ലെ ബി.സി.ഡി.ഐ.ആർ/ബി2/89/19 നമ്പർ ഉത്തരവ്
4. 22.01.2020-ൽ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിലെ നിർദ്ദേശം

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% സി.എസ്.എസ്) പദ്ധതി പ്രകാരം സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടിട്ടും അക്കൗണ്ടുകളിലെ ന്യൂനതകൾ മൂലം നിരവധി വിദ്യാർത്ഥികൾക്ക് തുക ഇനിയും ലഭ്യമായിട്ടില്ല. 2015-16 മുതൽ 2018-19 വരെ കാലയളവിൽ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുകയും ഇനിയും തുക ലഭ്യമാകാതിരിക്കുകയും ചെയ്തവരുടെ വിവരങ്ങളാണ് വകുപ്പ് നിരവധി തവണയായി ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. എന്നാൽ പല സ്കൂളുകളും സ്കോളർഷിപ്പിന് അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളുടേയും വിവരങ്ങളാണ് ഈ ആഫീസിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഐ.റ്റി സ്കൂ

Scanned by CamScanner

ളിന്റെ സ്കോളർഷിപ്പ് പോർട്ടലിൽ 2015-16 മുതൽ പ്രസിദ്ധീകരിക്കപ്പെട്ട ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിൽ ഇനിയും തുക ലഭ്യമല്ലാത്ത വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് സഹിതമുള്ള വിവരങ്ങളാണ് നിശ്ചിത പ്രൊഫോർമയിൽ ആവശ്യപ്പെട്ടിരുന്നത്. നിരവധി സ്കൂളുകൾ ഇനിയും പട്ടിക ലഭ്യമാക്കാനും ഉണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് മാർച്ച് 31 നകം സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നതിനും തുടർന്ന് ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സൂചന 4 ലെ യോഗം തീരുമാനിച്ചിട്ടുണ്ട്.

അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ സമർപ്പിക്കാത്ത സ്കൂളുകൾക്ക് അന്തിമമായി ഒരവസരം കൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അങ്ങയുടെ റവന്യൂ ജില്ലയിലെ സ്കൂളുകൾക്ക് എ.ഇ.ഒ/ഡി.ഇ.ഒ മാർ മുഖേന ഇത് സംബന്ധിച്ച അറിയിപ്പ് നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. 2020 ഫെബ്രുവരി 19 ന് പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ അങ്ങയുടെ ആഫീസിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ ഹാജരായി വിവര ശേഖരണം നടത്തുന്നതായിരിക്കും. പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ടി അവസരത്തിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് നൽകുന്നതിന് അഭ്യർത്ഥിക്കുന്നു.

സ്കൂളുകൾക്ക് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച് എല്ലാ വിഷയങ്ങളും ഈ അവസരത്തിൽ ഉദ്യോഗസ്ഥർ മുമ്പാകെ നൽകാവുന്നതാണ്. ഈ വിഷയത്തിൽ ഇനിയൊരു വിവരശേഖരണം നടത്തുന്നതല്ലായെന്ന വിവരം സ്കൂളുകളെ പ്രത്യേകമായി അറിയിക്കുന്നതിന് അഭ്യർത്ഥിക്കുന്നു. സ്കൂളുകൾ വിവരങ്ങൾ ഹാജരാക്കുന്നതിനുള്ള പ്രൊഫോർമ അനുബന്ധമായി ചേർത്തിരിക്കുന്നു, ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ആവശ്യമുള്ള സ്കൂൾ അധികൃതർ bcddkkd@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0495-2377786 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് - എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്
(ഉപരിപത്രം സഹിതം)

പുറത്തെഴുത്ത് നം: C1/1665/20 dt 1/20

2015-16 മുതൽ 2018-19 വരെയുള്ള കാലയളവിൽ ഒബിസി പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ പിന്നോക്കവിഭാഗവികസനവകുപ്പിലെ ഉദ്യോഗസ്ഥർ 19/2/2020 ന് രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ ഈ കാര്യാലയത്തിൽ വച്ച് വിവരശേഖരണം നടത്തുന്നു. ആയതിനാൽ മേൽ വിവരം എല്ലാ പ്രധാനധ്യാപകരേയും അറിയിക്കുവാൻ എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരേയും ചുമതലപ്പെടുത്തുന്നു.

DDE, TSR

Scanned by CamScanner

# OBC Prematric Scholarship

## List of Beneficiaries – Amount Not credited

Academic Year (Scholarship Sanctioned) : ..............................
School Code :
Name of School :
Total Number of Beneficiaries :
No. of beneficiaries amount not credited :

| Sl.No | Application ID | Name | Std (as per scholarship sanctioning year) | Name of Account holder in bank | IFSC | Account No | Amount |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Place : ..............................
Date : ..............................

Office Seal

Name & Signature of Head of the Institution
with Designation seal

Scanned by CamScanner